കുത്തകപ്പാട്ടത്തിന് കൊടുത്തിട്ടുള്ള ഭൂമി.

*1031. [13] ശ്രീ. എൻ. നീലകണ്ഠ പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചിയിൽ ആകെ കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുള്ള ഭൂമി എത്ര; പാട്ടമിനത്തിൽ 1955–56 വർഷത്തിൽ ഗവണ്മെൻറിന് ലഭിക്കാനുള്ള തുക എത്ര ;

(ബി) ഇതിൽ ഭക്ഷ്യോൽപ്പാദന വർദ്ധനവിനു വേണ്ടി റിസർവ് വനങ്ങളിൽനിന്നും പതിച്ചുകൊടുത്തിട്ടുള്ളവ എത്ര; സർക്കാർ ആഫീസുകളുടെ പരിസരമായിട്ടുള്ളവ എത്ര ;

(സി) കുത്തകപ്പാട്ടഭൂമി പതിച്ചുകൊടുത്തു ബേസിക്ടാക്സ് എർപ്പെടുത്തുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) നെടുമങ്ങാട് താലൂക്കിൽ വെമ്പായം പകുതിയിലെ കുത്തകപ്പാട്ട കൃഷിക്കാരിൽനിന്ന് ഇതുസംബന്ധിച്ച് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ആകെ 47100 ഏക്കർ 45 സെൻറ് സ്ഥലം കുത്തകപ്പാട്ടം കൊടുത്തിട്ടുണ്ട്. 1955–56 വർഷത്തിൽ ഗവണ്മെൻറിനു ലഭിക്കാനുള്ള തുക 6,62,186.

(ബി) ഭക്ഷ്യോൽപ്പാദനപദ്ധതി അനുസരിച്ച് താൽക്കാലിക പാട്ടത്തിനു ഏകദേശം 30,000 ഏക്കർ ഭൂമി കൃഷിക്കു കൊടുത്തിട്ടുണ്ട്. സർക്കാർ ആഫീസുകളുടെ പരിസരങ്ങളെക്കുറിച്ചുള്ള വിവരം ലഭിച്ചിട്ടില്ല.

(സി) ഭൂമി പതിച്ചുകൊടുക്കുന്ന നടപടി ഇപ്പോൾ നിറുത്തിവച്ചിരിക്കുകയാണ്.

(ഡി) ഉണ്ട്. നിവേദനത്തെ സംബന്ധിച്ച് നടപടി നടത്തിവരുകയാണ്.

S. P. W. R. Fund

*1032. [14] ശ്രീ. എൻ. നീലകണ്ഠ പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് രാജ്യപുനഃസംഘടനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) S. P. W. R. ഫണ്ടുവകയിൽ തിരുവിതാംകൂർ–കൊച്ചിയിൽ ആകെ എത്ര തുകയുണ്ടായിരുന്നു; ഇപ്പോളെത്ര നിക്കിയിരിപ്പുണ്ട് ;

(ബി) ഈ ഫണ്ട് മാനേജുമെൻറിനു എസ്റ്റാബ്ലിഷ്മെൻറ് വകയ്ക്ക് വാർഷികമായി എത്ര തുക ചെലവുണ്ട്; ഇന്നുവരെ (as on March 31-1955) എത്രതുക ചെലവായി;

(സി) ഈ ഫണ്ടിൽനിന്ന് വിമുക്തഭടന്മാർക്ക് ധനസഹായം ചെയ്യുന്നതിനു ശുപാർശചെയ്തിട്ടുള്ള കേസുകളെത്രയുണ്ടെല്ലാമാണ്; വ്യക്തികൾക്ക് ധനസഹായം ചെയ്യുന്നതിനു വല്ല നിബന്ധനയും നിലവിലുണ്ടോ ;

(ഡി) ഈ പണം എന്നത്തേയ്ക്കു ചെലവിട്ടു പൂർത്തിയാക്കാനാണ് ഗവണ്മെൻറിന്റെ ഉദ്ദേശം?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(സി) S.P.W.R. ഫണ്ടുവക തിരുവിതാംകൂർ-കൊച്ചിയിൽ ആകെ 41,32,811 രൂപ ഉണ്ടായിരുന്നു. 1-10-55-ൽ 30,14,479 രൂപ 1 അണ 1 പൈ നീക്കിയിരിപ്പുണ്ട്.

(ബി) ഈ ഫണ്ടു് മാനേജുമെൻറിനു് എസ്റ്റാബ്ലിഷ്മെൻറ് വകയ്ക്കു് കൊല്ലംതോറും 8,532 രൂപ ചെലവുണ്ടു്. 31-3-55 വരെ എസ്റ്റാബ്ലിഷ്മെൻറ്വകയ്ക്കു് ചെലവായതു് 2,24,366 രൂപ 13 അണ 8 പൈസയാണു്.

(സി) വിമുക്തഭടന്മാർക്കു് വ്യവസായവായ്പ, കാളനി പ്രവർത്തനങ്ങൾക്കായിട്ടുള്ള വായ്പ മുതലായവ സഹകരണാടിസ്ഥാനത്തിൽ കൊടുക്കുന്നതിനുള്ള രൂപകം രൂപീകരിച്ചിട്ടുണ്ടു്. വ്യക്തികൾക്കു് ഫണ്ടിൽ നിന്നും വായ്പയോ ഗ്രാന്റോ കൊടുക്കുന്നതല്ല. എന്നാൽ യുദ്ധസേവനം കൊണ്ടു് അവശത അനുഭവിച്ചിട്ടുള്ള വ്യക്തികൾക്കു് ഏതെങ്കിലും തൊഴിലുകൾ ചെയ്തു ഉപജീവനം നടത്തുന്നതിനാവശ്യമുള്ള സാധനസാമഗ്രികൾ ഫണ്ടിൽനിന്നും വാങ്ങിക്കൊടുക്കുന്നുണ്ടു്. വ്യക്തികൾക്കു് സഹകരണാടിസ്ഥാനത്തിൽ Thrift and credit സമ്പ്രദായമനുസരിച്ചു് 500 രൂപയിൽ കവിയാത്ത വായ്പ കൊടുക്കുന്നതിനുള്ള രൂപകങ്ങൾ രൂപീകരിച്ചിട്ടുണ്ടു്.

(ഡി) 25-30 വർഷങ്ങൾകൊണ്ടു് ഉപയോഗിച്ചു തീർക്കണമെന്നു് ഇൻഡ്യാഗവണ്മെൻറ് ആദ്യം പരസ്യം ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ സേവനമനുഷ്ഠിച്ചുവരുന്ന പട്ടാളക്കാർ സർവ്വീസിൽനിന്നും പിരിയുമ്പോൾ അവരുടെ നന്മയ്ക്കായുംകൂടി ഈ ഫണ്ടു് ഉപയോഗിക്കേണ്ടിയിരിക്കുന്നതിനാൽ ഇതിനെ ഒരു സ്ഥിരമായ ഫണ്ടായി നിലനിറുത്തുവാനാണു് ഉദ്ദേശിക്കുന്നതു്.

ഒന്നാം പഞ്ചവത്സരപദ്ധതി

* 1033. [17] ശ്രീ. യു. നീലകണ്ഠൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാംപഞ്ചവത്സരപദ്ധതിയിൽ ഫിഷറീസിനുവേണ്ടി അനുവദിച്ചിട്ടുള്ള തുക എത്ര;

(ബി) മത്സ്യത്തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടെങ്കിൽ എത്ര; ഏതൊക്കെയാ;

(സി) ഓരോന്നിനും നൽകിയിട്ടുള്ള ലോൺ എത്ര?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 11,11,000 രൂപ.

(ബി) ഫിഷറീസ് ഡിപ്പാർട്ടുമെൻറിന്റെ നിർദ്ദേശമനുസരിച്ചു് ഒരു സഹകരണസംഘം മാത്രമേ രൂപീകരിച്ചിട്ടുള്ളൂ. ഇതു് പുറക്കാടു് സഹകരണ സംഘമാണു്. ഇതുകൂടാതെ മത്സ്യത്തൊഴിലാളികളുടെ 43 വിവിധോദ്ദേശസഹകരണ സംഘങ്ങളുമുണ്ടു്.

(സി) പുറക്കാടു് സഹകരണസംഘത്തിനു് 10,200 രൂപ ലോൺ കൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly